16

# ക്രിസ്ത്യാനിയും ഗവൺമെന്റും

## (5:12- 42)

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, 5:12–42 വരെയുള്ള ഭാഗത്ത് അപ്പൊസ്തലന്മാർക്കുണ്ടായ രണ്ടാമത്തെ ഉപദ്രവം നാം കാണുകയുണ്ടായി. ഇതു വായിച്ചവർക്കു അപ്പൊസ്തലന്മാർക്കു നേരിട്ട വെല്ലുവിളി നന്നായി മനസിലായി കാണും. മുൻപും, അവരോടു യേശുക്രിസ്തുവിന്റെ നാമത്തിൽ സംസാരിക്കരുതെന്നു പറഞ്ഞിരുന്നു. ചിലരെ തടവിലാക്കുകയും അടിപ്പിക്കയും ചെയ്തു; ചിലർ വിശ്വാസത്തിനു വേണ്ടി മരിക്കുകപോലുമുണ്ടായി. ഇങ്ങനെയുള്ള സാഹചര്യത്തിൽ, ക്രിസ്ത്യാനികൾ ദൈവത്തെ അനുസരിക്കുമോ മനുഷ്യരെ അനുസരിക്കുമോ എന്നറിയാം. നമ്മിൽ പലർക്കും,എങ്ങനെയായാലും, ഇത്തരം പ്രശ്നങ്ങൾ പൂർണ്ണമായും വ്യക്തമാക്കുകയില്ല. "ഭരണാധികാരികൾക്കു കീഴടങ്ങുന്നതിന്റെ" വിലയും എടുത്തു കാണിക്കുന്നുണ്ട് (റോമർ 13:1).

### അടിസ്ഥാനനിയമം:
### ദേശത്തിന്റെ നിയമങ്ങൾ അനുസരിക്കുക

ഇതുവരെ നമ്മുടെ പാഠത്തിൽ നാം മൂന്നു അടിസ്ഥാനതത്വങ്ങൾ സ്ഥാപിക്കയുണ്ടായി. അവയെ ഒന്നുകൂടെ ആവർത്തിച്ചത്, വിപുലീകരിച്ച്, അവയെ പ്രയോഗിക്കാം. പ്രധാനപ്പെട്ട ഒന്ന്, നാം ജീവിക്കുന്ന ദേശത്തിന്റെ നിയമങ്ങൾ, പൊതുവെ നാം അനുസരിക്കണം. അധികാരികളോടുള്ള ബഹുമാനക്കുറവാണ് ലോകത്തിലെ ഒരു പ്രശ്നം. പഴയ നിയമകാലത്തു, "ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ നടന്നപ്പോൾ എങ്ങും കുഴപ്പമായിരുന്നു" (ന്യായാധിപന്മാർ 21:25).

നാം ഗവൺമെന്റിനെ അനുസരിക്കേണ്ടതു, ഗവൺമെന്റ് എല്ലായ്പ്പോഴും ശരിയായതുകൊണ്ടോ നന്നായിരിക്കുന്നതുകൊണ്ടോ അല്ല. ശ്രേഷ്ഠാധികാരികൾ എന്നു പൗലൊസും പത്രൊസും പറഞ്ഞിരിക്കുന്നതു, നീറോയുടെ കീഴിലുള്ള റോമാഭരണത്തെയാണ്. നാം ഗവൺമെന്റിനെ അനുസരിക്കേണ്ടതു നാം അവരോടു യോജിക്കുന്നതുകൊണ്ടോ ബോധ്യം വരുത്തുന്നതു കൊണ്ടോ അല്ല; മറിച്ചു, അതു

*ദൈവേഷ്*ടമായതുകൊണ്ടു നാം അനുസരിക്കുന്നു. ഭൗതിക ഗവൺമെന്റ് "ദൈവത്തിൽ നിന്നായതുകൊണ്ടും" അവർ "ദൈവത്തിന്റെ ശുശ്രൂഷകന്മാരും" ആയതിനാലാണ് നാം അവരെ അനുസരിക്കേണ്ടതു (റോമർ 13:1, 4). പത്രൊസ് പറഞ്ഞു, "സകല മാനുഷ നിയമത്തിനും *കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ* ... ഇതത്രേ ദൈവേഷ്ടം" (1 പത്രൊസ് 2:13, 15; എംഫസിസ്മൈൻ).

## അടിസ്ഥാന ഒഴിവു കഴിവ്: രാജ്യത്തിന്റെ നിയമം ദൈവനിയമത്തെ ലംഘിക്കുമ്പോൾ

നിയമത്തിലെ ഒഴിവുകഴിവാണ് രണ്ടാമത്തെ തത്വം, പ്രവൃത്തി 4 ലേയും, 5 ലേയും, സംഘട്ടനം വ്യക്തമാണ്: മനുഷ്യർ പറഞ്ഞതു, "യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രസംഗി*ക്കരുത്* എന്നാണ്"; ദൈവം പറഞ്ഞു, "യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രസം*ഗിക്ക* എന്ന്." പഴയനിയമത്തിൽ, ഫറവോൻ, "ആൺ പ്രജകളെ ഒക്കെ നശിപ്പിക്കുവാൻ പദ്ധതിയിട്ടു'' (ഉല്പത്തി 1:15-22), പക്ഷേ ദൈവം പറഞ്ഞു, "കുല ചെയ്യരുത്."[1] ഏറ്റവും അടുത്ത സമയത്തു, മനുഷ്യർ പറഞ്ഞു, "ദൈവത്തെ ആരാധിക്കുവാൻ കൂടി വരേണ്ട ആവശ്യമില്ല എന്നു പറയുന്നവർ ഉണ്ട്," ദൈവം പറഞ്ഞിരിക്കുന്നതു, "സഭായോഗം മുടക്കരുത് എന്നാണ്. ബൈബിളിൽ ചിലർ ചെയ്യുന്നതുപോലെ സഭായോഗം മുടക്കരുതെന്നാണ് ദൈവം പറഞ്ഞിരിക്കുന്നത്" (എബ്രായർ 10:25). മനുഷ്യൻ പറയുന്നത്, "അയൽക്കാർക്ക് ബൈബിൾ പഠിപ്പിക്കരുത് എന്നാണ്,'' "സകല ജാതികളോടും സുവിശേഷം പ്രസംഗിക്ക എന്നാണ്," ദൈവം പറഞ്ഞിരിക്കുന്നത് (മർക്കൊസ് 16:15). സംഘട്ടനം വരുമ്പോൾ, ദൈവേഷ്ടത്തിനു സമർപ്പിക്കപ്പെട്ടവർക്കു വേറെമാർഗ്ഗമില്ല. "എന്താണ് സന്ദർഭോചിതമെന്നോ?" "എന്താണ് പ്രചാരമെന്നോ?" അല്ലെങ്കിൽ "ഏതാണ് സുരക്ഷിതമെന്നോ?" ചോദിക്കാനില്ല, അവനു ചോദിക്കാനുള്ളതു ഒന്നു മാത്രം, "എന്താണ് ശരി?" - അതനുസരിച്ചു പ്രവർത്തിക്കുക.

അമേരിക്കയിൽ. ഇന്നു, പല വിശ്വാസികളും "രാഷ്ട്രീയമായി തെറ്റായിരിക്കുന്നു." ചില കാര്യങ്ങളിൽ, എതിർപ്പ് ഒഴിവാക്കുവാൻ, കൂട്ടത്തിനനുസരിച്ച് പോകാൻ കഴിയുന്നു.[2] എങ്കിലും, "രാഷ്ട്രീയമായ തെറ്റുകൾ" എല്ലായ്പ്പോഴും ബൈബിൾ അനുസരിച്ച് തെറ്റായിരിക്കണമെന്നില്ല. ഉദാഹരണത്തിനു, "രാഷ്ട്രീയമായി" സ്വവർഗ്ഗരതിയെ ഖണ്ഡിക്കാൻ പാടില്ല, പക്ഷെ ബൈബിളിൽ ദൈവം പഠിപ്പിക്കുന്നതു സ്വവർഗ്ഗരതി മ്ലേഛമാണെന്നാണ് (ലേവ്യാപുസ്തകം 18:22; 20:13; 1 കൊരിന്ത്യർ 6:9, 18). സ്വവർഗ്ഗരതി ജഡത്തിന്റെ പ്രവൃത്തിയാണെന്നും നമ്മുടെ ആത്മാവിനെ നശിപ്പിക്കുമെന്നും പറയുവാൻ നാം മടിക്കരുത് (ഗലാത്യർ 5:19-21). സ്വവർഗ്ഗരതിക്കാരെ മാനസാന്തരപ്പെടുത്തുവാനും ജീവിതരീതി മാറ്റുവാനും നാം ആവശ്യപ്പെടണം.[3] "രാഷ്ട്രീയമായി എന്താണ് ശരി?" എന്നല്ല ചോദിക്കേണ്ടത് "എന്താണ് ബൈബിളിൽ പഠിപ്പിച്ചിരിക്കുന്നത് എന്നാണ്?"

മറ്റു കാര്യങ്ങളിൽ, വ്യക്തിയുടെ മനസാക്ഷി ഉൾപ്പെടുന്നുണ്ട്. ചില കാര്യങ്ങൾ ശരിയെന്നും തെറ്റെന്നും നമ്മുടെ ഉള്ള് പറ യുമ്പോൾ ജന്മനാ നമ്മിൽ തന്നിരിക്കുന്നതാണ് മനസാക്ഷി.[4] ചില കാര്യങ്ങൾ തെറ്റാണെന്നു മനസാക്ഷി ഉടനെ അറിയുന്നു; മറ്റു കാര്യങ്ങളിൽ മനസ്സാക്ഷിയെ അഭ്യസിപ്പിക്കേണ്ടിയിരിക്കുന്നു. സന്ദർഭവശാൽ, പരസ്പരവിരുദ്ധമായ കാര്യങ്ങൾ വരുമ്പോൾ, "കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു" എന്നു വ്യക്തമാകയില്ല. അത്തരം കാര്യങ്ങളെ, തിരുവെഴുത്തു നന്നായി പഠിച്ച് അതിന്റെ വെളിച്ചത്തിൽ, "പൂർണ്ണബോധ്യം വന്നിട്ടു ചെയ്യണം" (റോമർ 14:5), അതിനുശേഷം നിശ്ചയം പ്രാപിച്ചതിൽ നിരന്തരമായി വസിക്കണം.[5] അതുകൊണ്ട്, സമയാസമയങ്ങളിൽ, ക്രിസ്ത്യാനികൾ "അധികാരികളോട്," "എനിക്കിതു മനസാക്ഷിയനുസരിച്ച് ചെയ്യാൻ സാദ്ധ്യമല്ല," എന്നോ, "ഇതു ചെയ്യുന്നതു എന്റെ മനസാക്ഷിക്കു വിരുദ്ധമാണെന്നോ പറയാം."[6]

ഗവൺമെന്റിനെതിരെ തിരിയുന്നതു ദൈവമുൻപാകെ ഗൗര വമുള്ള കാര്യമാകയാൽ, *ദൈവ*ത്തിനിഷ്ടമല്ലാത്തതും *നിങ്ങൾക്കി*ഷ്ടമല്ലാത്തതും തമ്മിൽ വേർതിരിച്ചറിയണം. നിങ്ങൾക്കു ചില നിയമങ്ങൾ ഇഷ്ടമല്ലെങ്കിൽ നിങ്ങളുടെ അഹങ്കാരവും കാഠിന്യവും മാറ്റി താഴ്ച്ചയോടെ, കരുണയോടെ കീഴ്പ്പെട്ടിരിക്കുക. ചില നിയമം ദൈവേഷ്ടത്തിനു വിരുദ്ധമാണെന്നു പൂർണ്ണബോധ്യമുണ്ടെങ്കിൽ, നിങ്ങളുടെ നിലയിൽ നില്ക്കുക - പക്ഷെ എങ്ങനെയായാലും, അതിനു വില കൊടുക്കാൻ തയ്യാറാവുകയും വേണം. പത്രൊസിന്റേയും മറ്റു അപ്പൊസ്തലന്മാരുടേയും വാക്കുകൾ നിങ്ങളുടെ ഹൃദയത്തിൽ എഴുതുക: "നാം മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു" (5:29) - "ഒരുപക്ഷേ നാം ചെയ്തേക്കാം" എന്നോ "ചെയ്താൽ നന്നായിരിക്കും," എന്നോ അല്ല "നാം *ചെയ്യണം*." തടവിലാക്കുമെന്ന ഭീഷണി വന്നപ്പോൾ, അവർ പറഞ്ഞു, "ഞങ്ങൾക്കു ദൈവത്തെ അനുസരിക്കണം." അടിക്കപ്പെടും എന്നു ഭീഷണിയുണ്ടായപ്പോൾ, അവർ പറഞ്ഞു, "ഞങ്ങൾക്കോ ദൈവത്തെ അനുസരിക്കണം." മരണഭീഷണി ഉയർന്നപ്പോൾ, അവർ പറഞ്ഞു, "ഞങ്ങൾക്കോ ദൈവത്തെ അനുസരിക്കണം."

## അടിസ്ഥാനതത്വം:
## എല്ലാ സമയത്തും അധികാരികളെ
## *ബഹുമാനിക്കണം*

മൂന്നാമത്തെ തത്വം ഏറ്റവും അടിസ്ഥാനവും ഒരുപക്ഷേ ബുദ്ധിമുട്ടുള്ളതുമാകാം: മനസാക്ഷിയിൽ തോന്നി (ഒരു പ്രത്യേക നിയമത്തെ നാം ലംഘിക്കുമ്പോൾ), അധികാരികളോടു *ബഹുമാനം കാണിക്കുക*. 4-ാം അദ്ധ്യായത്തിൽ പത്രൊസും യോഹന്നാനും ന്യായാധിപസഭയുടെ മുൻപാകെ നിന്നപ്പോൾ അവർ ബഹുമാനത്തോടെയാണ് നിന്നത്. 5-ാം അദ്ധ്യായത്തിൽ പത്രൊസിനേയും മറ്റു അപ്പൊസ്തലന്മാരെയും തടവിലാക്കുവാൻ വന്നപ്പോൾ അവർ തടഞ്ഞില്ല; അവർ ബഹുമാനമുള്ളവരായിരുന്നു. "രാജാവിനെ ബഹുമാനിപ്പിൻ" എന്ന വെല്ലുവിളി

യാണ് പത്രൊസ് നമുക്ക് നല്കിയത് (1 പത്രൊസ് 2:17)! ഗവൺമെന്റു മായുള്ള എല്ലാ ഇടപാടുകളിലും (മനസാക്ഷിയിൽ തോന്നി അനുസരി ക്കാൻ പറ്റാത്ത നിയമങ്ങൾ നടപ്പിലാക്കിയാൽ പോലും), അധികാരിക ളോട് നാം ബഹുമാനത്തോടെ, മര്യാദയോടെ, കർക്കശമായും കീഴ്പ്പെ ടണം! നമ്മുടെ മനസാക്ഷിക്കനുസരിച്ചു അനുസരിക്കാൻ പറ്റാത്ത നിയമം അനുസരിക്കാതെ, അതിന്റെ കാരണം സൗമ്യതയോടെ വ്യക്ത മാക്കണം മത്സരിക്കാൻ വേണ്ടിയല്ല, പിന്നെയോ ദൈവ ത്തെ അനുസ രിക്കുവാനുള്ള ലക്ഷ്യമായിരിക്കണം.

ഭ്രൂണഹത്യയെക്കുറിച്ചു അമേരിക്കയിൽ, കയ്പ്പേറിയ വിവാദം ഉയർന്നിരിക്കയാണ്.[7] ഞാൻ ഹൃദയംഗമമായി വിശ്വസിക്കുന്നതു ഭ്രൂണ ഹത്യ ദൈവേഷ്ടത്തെ ലംഘിക്കുന്നതാണ് എന്നാണ്. അതേ സമയം, ''ജീവിതത്തിനുള്ള അവകാശം'' എന്ന ''തീവ്രവാദിസംഘടന'' യിൽപെട്ട വ്യക്തി ഭ്രൂണഹത്യ നടത്തിവരുന്ന ക്ലിനിക്കിൽ കടന്നു ചെന്നു അവിടെ കണ്ടവരെ ഒക്കെ തീവ്രവാദികൾ കൊല്ലാൻ ശ്രമിച്ചു. ഈ വ്യക്തികൾ വിചാരിക്കുന്നതു അവർ ചെയ്യുന്നതു ദൈവഹിതമാ ണെന്നാണ്, പക്ഷെ വാസ്തവത്തിൽ ഇവർ ഭ്രൂണഹത്യക്കെതിരായ നീക്കത്തിനു തുരങ്കം വെക്കുകയാണ്. ഭ്രൂണഹത്യ ഇല്ലാതാക്കുവാൻ ശരിയായതും തെറ്റായതുമായ വഴികളുണ്ട്;[8] ഇവർ തിരഞ്ഞെടുത്തതു തെറ്റായ വഴിയാണ്. അതിന്റെ ഫലമായി, അനേകരുടെ മനസിൽ, യാഥാർത്ഥ്യം നോക്കാതെ പ്രവൃത്തിക്കുന്നവർ ഭ്രൂണഹത്യക്കെതിരാ ണെന്നു തെളിയുന്നില്ല.

ദൈവത്തെ പിൻപറ്റുന്നു എന്നു അവകാശപ്പെടുന്നവർ പലരും അച്ചടക്കരഹിതമായി തത്വരഹിതമായി, അസന്തുഷ്ടരായി കാണപ്പെടു ന്നുണ്ട്. അവർ അധികാരികളെ ആക്രമിക്കയും വസ്തുവകകൾ നശി പ്പിക്കയും മത്സരത്തെ പ്രോത്സാഹിപ്പിക്കയും ചെയ്യും. അപ്പോൾ, ഗവൺമെന്റ് അതിനെതിരായി നീങ്ങുമ്പോൾ, അവർ രക്തസാക്ഷിക ളായി മാറും. പക്ഷെ ഇതിനെല്ലാം എതിരായിട്ടാണ്, പൗലൊസ് എഴുതിയതു:

> വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ധക്രേത്തയിലുള്ള ക്രിസ്ത്യാ നികൾപ കീഴടങ്ങി അനുസരിപ്പാനും സകല സൽപ്രവൃ ത്തിക്കും ഒരുങ്ങിയിരിപ്പാനും ആരെക്കൊണ്ടും ദൂഷണം പറയാതെയും കലഹിക്കാതെയും ശാന്തരായി സകല മനുഷ്യരോടും പൂർണ്ണസൗമ്യത കാണിപ്പാനും അവരെ ഓർമ്മപ്പെടുത്തുക (തിത്തൊസ് 3:1, 2).

വീണ്ടും അപ്പൊസ്തലന്മാരും അവർക്കു ശക്തരായ ന്യായാധിപ സംഘവുമായുള്ള ബന്ധത്തെ വീണ്ടും നോക്കാം. ന്യായാധിപസഭ യുടെ മുൻപിൽ, അവർ വെറുപ്പോടെയല്ല, ധൈര്യത്തോടെ നിന്നു. പ്രസംഗിക്കരുതെന്നു കല്പിച്ചപ്പോൾ, അവർ ന്യായാധിപസംഘത്തെ പുറത്താക്കുവാനോ പ്രതിഷേധപ്രകടനം[9] നടത്തുവാനോ ദൈവാലയം കത്തിക്കാനോ പോയില്ല. അവർ പ്രസംഗിച്ചുകൊണ്ടിരുന്നു. വരുന്നതു അനുഭവിക്കാൻ തയ്യാറായിരുന്നു.

നാം പറഞ്ഞുകൊണ്ടിരിക്കുന്ന തത്വം എല്ലാ പ്രതലങ്ങളിലും കീഴ്പ്പെടുന്നതിനെക്കുറിച്ചാണ്. പുതിയ നിയമത്തിൽ അധികാരികൾ ക്കു കീഴ്പ്പെടുന്നതിനെക്കുറിച്ചു ധാരാളം പറയുന്നുണ്ട്:[10] ഭാര്യമാർ അവരുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കണം (എഫെസ്യർ 5:22-24; കൊലൊസ്യർ 3:18; 1 പത്രൊസ് 3:1-6). മക്കൾ മാതാപിതാക്കൾക്കു കീഴ്പ്പെട്ടിരിക്കണം (എഫെസ്യർ 6:1-3; കൊലൊസ്യർ 3:20). ജോലിക്കാർ അവരുടെ ഉടമസ്ഥർക്കു കീഴ്പ്പെട്ടിരിക്കണം (എഫെസ്യർ 6:5-8; കൊലൊസ്യർ 3:22-24).[11] ക്രിസ്ത്യാനികളായ നാം നമ്മുടെ ഇടവകയിലെ മൂപ്പന്മാർക്കു കീഴടങ്ങിയിരിക്കണം (എബ്രായർ 13:17). നാം സകല അധികാരികൾക്കും കീഴ്പ്പെട്ടിരിക്കണം, സ്കൂളിലാണെങ്കിൽ അദ്ധ്യാപകർക്കും പ്രഥമാദ്ധ്യാപകർക്കും വിദ്യാർത്ഥികൾ കീഴ്പ്പെട്ടിരിക്കണം. ജോലി സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർ അവരുടെ മേലധികാരികൾക്കു കീഴ്പ്പെട്ടിരിക്കണം (തിത്തൊസ് 3:1).

മുകളിൽ പറഞ്ഞ ബന്ധങ്ങളിലെല്ലാം, ദൈവവചനത്തിനു എതിരായി എന്തെങ്കിലും ചെയ്യാൻ പ്രേരിപ്പിക്കുന്ന സാഹചര്യം ഉണ്ടായേക്കാം. ക്രിസ്തീയ ഭാര്യയോടു കൂട്ടുകാരി ഒരുപക്ഷേ അഭക്തി ജനിപ്പിക്കുന്ന പ്രവൃത്തി ഗണ്യമാക്കുകയില്ല. ജോലിക്കു വെച്ചിരിക്കുന്ന ആൾ ജോലിക്കാരനോടു നിയമരഹിതമായ ചിലകാര്യങ്ങൾ വരുമ്പോൾ കണ്ണടക്കാൻ പറയും, ഇല്ലെങ്കിൽ നമ്മെ ശാസിക്കുകയോ ശിക്ഷിക്കുകയോ ചെയ്യും. ഈ സാഹചര്യം വരുമ്പോൾ, "നാം മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കണം."

*ശേഷിച്ച സമയം,* പ്രതീക്ഷിച്ച ഫലം കിട്ടണമെങ്കിൽ ക്രിസ്തുവിലുള്ള നമ്മുടെ കടമകൾക്കു കീഴ്പ്പെട്ടിരിക്കണം. ഒരു ക്രിസ്തീയ ഭാര്യ അവളുടെ അക്രൈസ്തവ ഭർത്താവിനോട് അധികസമയം കുറച്ചു ശ്രദ്ധ കൊടുത്താൽ, അവളുടെ സമർപ്പണത്താൽ അയാളെ പ്രീതിപ്പെടുത്താൻ സാധ്യമല്ല അവൾ പറയും, "ഞാൻ ആരാധനക്കുപോകുന്നു." ഭർത്താവ് പറയും, എന്റെ കൂടെ നീ കല്ല്യാണത്തിനു വരണം എന്ന്. അതു അയാളെ ചൊടിപ്പിക്കും. ക്രിസ്തീയ ബാലൻ തന്റെ അക്രൈസ്തവ മാതാപിതാക്കളെ ബഹുമാനിക്കും, അല്ലെങ്കിൽ അവരുടെ താല്പര്യത്തിനെതിരായി, കുട്ടി ആരാധനക്കു പോകുമ്പോൾ, പ്രശ്നമാകും. അതുപോലെയാണ് ഉദ്യോഗതലത്തിലുള്ളവർ തമ്മിലുള്ള ബന്ധവും.

നാം കർത്താവിന്നു ക്രിയാത്മക സ്വാധീനമായി തീരണമെങ്കിൽ, വെളിപ്പെടുത്തിയ ദൈവഹിതത്തി*നെതിരല്ലാതെ* എല്ലാത്തിനും നാം കീഴ്പ്പെടണം!

**ഉപസംഹാരം**

ഈ പഠനത്തിൽ, ഹൃദയഭാഗത്തേക്കു മടങ്ങിവന്നു ഇതു അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. അതു അപ്പൊസ്തലന്മാരുടെ 5:29ലെ വാക്കുകളാണ്: "നാം മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കണം."

സഭയുടെ പ്രാരംഭ നാളുകളിൽ, സഭയിലെ അംഗങ്ങൾ അദ്ധ്യക്ഷനായിരുന്ന തെർത്തുല്യനോടു അവർക്കു നേരിട്ടു കൊണ്ടിരിക്കുന്ന


സംഘർഷത്തെക്കുറിച്ചു പരാതിപ്പെട്ടു. “ഞങ്ങൾ അധികാരികളോടു യോജിച്ചുപോയില്ലെങ്കിൽ,” അവർ പറഞ്ഞു, “ഞങ്ങളുടെ ജോലി നഷ്ടപ്പെടും. അതിലും മോശം ഞങ്ങളുടെ ജീവൻ തന്നെ നഷ്ടമാക്കും. ദൈവം തീർച്ചയായും അതാഗ്രഹിക്കുന്നില്ല. ഞങ്ങളും ഞങ്ങളുടെ കുടുംബവും ജീവിക്കണം.” തെർത്തുല്യൻ കുറച്ചു നേരം അവരുടെ മുഖത്തു നോക്കിയിട്ടു ചോദിച്ചു, “നാം ജീവിക്കണോ?”

നാം നമ്മുടെ ജീവിതത്തിലേക്കു ധാരാളം “വേണം” എന്നതു പരിചയപ്പെടുത്തിയിരിക്കയാണ്: നമുക്കു ചില സമ്പാദ്യം വേണം, നമുക്കു വിജയം വേണം, സന്തോഷം വേണം, അങ്ങനെ നീണ്ടുപോകും പട്ടിക. വാസ്തവത്തിൽ, ഏതാനും കുറച്ചു മാത്രം “വേണം” എന്നതാണുള്ളത്, അവയിൽ ഒന്നാണ്: “നാം ദൈവത്തെ *തീർച്ചയായും* അനുസരിക്കണം എന്നത്.”

കുറിപ്പുകൾ

[1]പുറപ്പാട് 20:13. തീർച്ചയായും കുലപാതകം പത്തുകല്പനകൾ കൊടുക്കുന്നതിനു മുമ്പു തന്നെ ദൈവേഷ്ടലംഘനമായിരുന്നു (ഉല്പത്തി 4:8–15). [2]“ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന്നു ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു” എന്ന തത്വം (1 കൊരിന്ത്യർ 9:22). ഉദാഹരണമായി സ്പാനിഷ് സംസാരിക്കുന്നവരെ നേടേണ്ടതിനു അവർ അറിയപ്പെടുന്നതുപോലെ, ഹിസ്പാനിക്സ് എന്ന് അറിയപ്പെടുന്നു. [3]ഞാൻ പറയുന്നതു ഈവിഷയത്തെയോ മറ്റുവിഷയത്തെയോ, നിരന്തരമായി പ്രസംഗിക്കണമെന്നല്ല. ഞാൻ ഉദ്ദേശിച്ചതു നാം ലൈംഗിക പാപത്തെക്കുറിച്ചു പ്രസംഗിക്കുമ്പോൾ, സ്വവർഗ്ഗരതിയെക്കുറിച്ചുപ്രസംഗിക്കണം എന്നാണ്. [4]റോമർ 14 വ്യക്തമാക്കുന്നത് അഭിപ്രായത്തിന്റെ വെളിച്ചത്തിൽ, നാം സഹോദരനെ വിധിക്കരുത്. ഇവയെല്ലാം അഭിപ്രായങ്ങളാണ്, വിശ്വാസകാര്യങ്ങളല്ല എന്നു ശ്രദ്ധിക്കുക (അതായതു., ദൈവം വ്യക്തമായി വെളിപ്പെടുത്തുന്നവ). [5]യുദ്ധത്തിനായി പോകുക എന്നത് ഇതിനുദാഹരണമാണ്. ചില ക്രിസ്ത്യാനികൾ “മനപൂർവ്വം എതിർക്കുന്നവരാണ്”; ഇതിൽ ചിലർ പട്ടാള മെഡിക്കൽ വിഭാഗത്തിൽ ജോലിചെയ്തവരോ അല്ലെങ്കിൽ അക്രമരഹിതസ്ഥാപനങ്ങളിൽ ജോലിചെയ്തവരോ ആകാം ആർക്കും തന്നെ മനസാക്ഷി ലംഘിക്കാനാവില്ല. എന്നാൽ അമേരിക്കയിലും ഇതേ നിയമമുള്ള മറ്റു രാജ്യങ്ങളിലും, ന്യായപ്രമാണം സംരക്ഷണം നല്കുമെങ്കിലും, എന്തായാലും, ഗവൺമെന്റിന്റെ നിയമം നിഷേധിച്ചാൽ അതിന്റെ അനന്തരഫലം അനുഭവിക്കണം. [6]നിങ്ങൾ വിദേശത്തുള്ള ആളാണെങ്കിൽ, അവിടത്തെ യോജിച്ച ചിത്രീകരണം എടുക്കുക. നിങ്ങളുടെ രാജ്യത്തു “തീവ്രവാദികളുടെ സ്വാധീനം” ഉണ്ടായേക്കാം. അതിനുയോഗ്യമായ പ്രസ്ഥാനവും കണ്ടേക്കാം. [7]വിദ്യാഭ്യാസം, ഭരണസംവിധാനം, മറ്റു വഴങ്ങുന്ന കാര്യങ്ങൾ സമീപന സാദ്ധ്യതകളാണ്. [8]പ്രദർശിപ്പിക്കുന്ന കാര്യങ്ങൾ തിരുവെഴുത്തിനു മുൻഗണന കൊടുത്താൽ പ്രശ്നം തീരും. പ്രദർശനം നിയമപരവും പരിഷ്കൃതവും ആണെങ്കിൽ, ക്രിസ്ത്യാനി യായ വ്യക്തി പങ്കെടുക്കും. അപ്പൊസ്തലന്മാർ, എന്തായാലും, ഇങ്ങനെ ഒന്നും ചെയ്തില്ല. മറിച്ച്, അവർ വിചാരിച്ചത്

അധികാരികളിൽ സമ്മർദ്ദം ചെലുത്തുന്നതിനേക്കാൾ ആത്മാക്കളെ നേടുന്നതാണ് നല്ലതെന്നാണ്. മോശമായ നേതാവുള്ള രാജ്യത്തിലും ആത്മാക്കൾക്കു സ്വർഗ്ഗത്തിൽ പോകാം; എന്നാൽ ക്രിസ്തുവിനെ കൂടാതെ സ്വർഗ്ഗത്തിൽ പോകാൻ സാദ്ധ്യമല്ല. [9]കീഴ്പ്പെടൽ ബൈബിൾ പഠിപ്പിക്കുന്നത് അധികാരികൾക്കു കീഴ്പ്പെടുന്നതി നേക്കാൾ വിശാലമാണ് (എഫെസ്യർ 5:21 നോക്കുക), എന്നാൽ നാം പരിഗണിക്കുന്ന വിഷയം അധികാരികൾക്കു കീഴ്പ്പെടുന്നതാണ്. [10]ഈ വേദഭാഗങ്ങൾ പ്രത്യേകമായി സുചിപ്പിക്കുന്നത് അടിമകൾ തങ്ങളുടെ യജമാനന്മാർക്കു കീഴ്പ്പെടുന്നതിനെ പരാമർശിക്കുന്നു, എന്നാൽ പൊതുവായ ഉപയോഗം ജോലി ചെയ്യുന്നവനേയും ഉടമസ്ഥനേയും ബാധിക്കുന്ന ബന്ധത്തെ സുചിപ്പിക്കുന്നതാണ്.




**യെരുശലേമിന്റെ പടം**